# "സ്വപ്നത്തിൻ ചിറകിലേറി"

## ലിറ്റിൽ കൈറ്റ്സ് മാഗസിൻ

### ജി എച്ച് എസ് കൂടല്ലൂർ



# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : കൃഷ്ണപ്രിയ

സ്റ്റാഫ് എഡിറ്റർ : സുജാത ,സിനി

സബ് എഡിറ്റേഴ്സ് : ഫാത്തിമ ജബിൻ
സഞ്ജയ്
അൻസിൽ
റുഷ്ദ
അഭിനവ്
ജെയ്ഷ
നജ്ല
ജാസിം

സാങ്കേതിക സഹായം : സജീവ് ,ഹാഷിം ,ഫൈസൽ
SITC

നന്ദി : സ്റ്റാഫ് & പി ടി എ
(ഗവ: ഹൈസ്കൂൾ കൂടല്ലൂർ )



**ആശംസകളോടെ .............**

ലിറ്റിൽ കൈറ്റ്സ്   യൂണിറ്റ് തയ്യാറാക്കിയ മാഗസിന്
എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ
നേർന്നു കൊണ്ട്

**പ്രധാനാധ്യാപിക**

. വി എൻ രമാദേവി

# മുഖമൊഴി

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ആണ് "സ്വപ്നത്തിൻ ചിറകിലേറി" . കുട്ടികളുടെ ഭാവനയിൽ ഇതൾ വിരിഞ്ഞ കഥകളും കവിതകളും അനുഭവങ്ങളും വരകളും വർണങ്ങളുമെല്ലാം കോർത്തിണക്കി തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ ഒരു പുതു അനുഭവം തന്നെ സമ്മാനിച്ചു .ഈ സപര്യയിൽ പങ്കാളികളായ എല്ലാവർക്കും ഒരായിരം നന്ദി........

**ലിറ്റിൽ കൈറ്റ്സ്**

# താളുകൾ മറിക്കുമ്പോൾ

## കവിത


| | | |
|---|---|---|
| *തിരമാല* | *രാഗേന്ദു.കെ.പി 8A* | *06* |
| *കൊന്നുവോ ഭൂമിയെ* | *നന്ദന പി 8A* | *10* |
| ഒഴുകിയകലുന്നു ഞാൻ | മേഘ്ന 10A | 12 |
| ഇവിടം ഇങ്ങനെയാണ് | *രാഗേന്ദു.കെ.പി 8A* | *15* |
| പുഴ പറഞ്ഞിട്ട് പോയത് | നജ്‌ല സി കെ 9B | 16 |


## കഥ


| | | | |
|---|---|---|---|
| ചങ്ങലക്കിട്ട ആഗ്രഹം | നാദിറ.പി.വി | 9A | 17 |


## വരകൾ


| | | |
|---|---|---|
| ഫാത്തിമഫിദ ടികെ | 7B | 07 |
| അർജുൻ വി | 5B | 08 |
| മനുകൃഷ്ണൻ | 9B | 09 |
| അഭിനവ് പി | 9B | 11 |
| അനാമിക എൻ സി | 6A | 13 |
| ആർദ്ര സി ടി | 6A | 14 |
| അഭിനവ് | 9B | 23 |
| ഫിദ മെഹ്റിൻ | 8A | 25 |
| മനുകൃഷ്ണൻ | 9B | 26 |


## പുസ്തകാസ്വാദനം


ഫാത്തിമ ഫിദ 8C 24


## വായനക്കുറിപ്പ്



എന്റെ വായന **അർച്ചന** ടി 8C 22

# തിരമാല

ഭൂമിതൻ  സ്വരസാഗരമായി
എന്നെ പൊതിയുന്ന ഹർഷമായി
എന്നിലെ താളമായി ആർദ്രമായ്
എൻ കാലിൽ ചിലമ്പായി
നിൻ സ്വരം  എന്നുമെന്നിൽ
അലയായ് തുവുന്നതെന്തേ
എന്തിനോ  പിന്നെയും നിൻ സ്വരം
എന്നിലായ് അലയടിച്ചെത്തി എന്നും
ഓർക്കുമ്പോൾ ഓർക്കാനായ്
ഓർക്കുമ്പോൾ മറക്കാനായി
നിൻ സ്വരം എന്നും കലമ്പിടുന്നു
പിന്നെയോ എന്നിലെ കാവ്യ സങ്കൽപ്പത്തെ
കോർത്തുകോർത്തൊരു മാലയാക്കി നീ .

രാഗേന്ദു.കെ.പി
8.എ



Fathima Fidha. T.k
7B
Fathima Fidha. Tk



അർജ്ജുൻ.വി 5B


Little kites clup
9 B

# കൊന്നുവോ ഭൂമിയെ




വാർമഴവില്ലും കാർ മേഘങ്ങളും
തെളിനീർ തുള്ളികളും എവിടെ പോയി
കരയാൻ വിതുമ്പിയൊരാകാശവും
പുഞ്ചിരി നിറച്ച സപ്തവർണ്ണങ്ങളും
കണ്മറഞ്ഞു പോയോ ദൂരേ
വന്നു തഴുകും തളിർ കാറ്റും
കുടചൂടുന്നൊരു തളിർമരത്തണലും
കൊന്നൊടുക്കിയോ
നിങ്ങളാ ജീവകാരുണ്യത്തെ
അരുത് മക്കളെ ചെയ്യരുത് മക്കളെ
അർത്ഥിക്കയാണ് ഞാൻ
നിങ്ങളുടെ മുന്നിൽ
കൊന്നുകളയല്ലേ നിങ്ങളീ ഭൂമിയെ
ഓർക്കുക നിങ്ങൾ
താൻന്താൻ നിരന്തരം ചെയ്യുന്ന കർമങ്ങൾ
താൻന്താൻ അനുഭവിച്ചീടുകെന്നേ വരൂ

നന്ദന പി

8A

# വരകൾ -വർണങ്ങൾ



# ഒഴുകിയകലുന്നു ഞാൻ




ഒരു ജല തടാകത്തിൻ നീരുറവ പോലതാ
ഒഴുകുന്നു ഞാൻ
ഒരുതുള്ളി കണ്ണീർ ബാക്കി വെക്കാതെ
ഇരുട്ടിൻ മറവിൽ പോയ് മറഞ്ഞിരിക്കുന്നു
സ്നേഹാർദ്ര ദീപങ്ങളെപോൽ മനസ്സിൽ
കളകാഞ്ചിയായ് ഒഴുകുന്നു മണിവീണ
മധുരമാം പുഴയുടെ
സങ്കീർത്തനത്തിൽ ലയിച്ചു പോകുന്നു
ഇനിയൊരു ജന്മം എനിക്കായ് പിറക്കുമോ
യാത്രയാകുന്നു ഞാൻ എങ്ങോട്ടെന്നില്ലാതെ
ഒഴുകി മറയുന്നു എങ്ങോട്ടെന്നറിയാതെ


മേഘ്ന

10 A


Anamika.m.c
VI-A


C.T
6.A



# ഇവിടം ഇങ്ങനെയാണ്

ഓളങ്ങൾ വെട്ടിയും തീരങ്ങൾ തേടിയും
ചിറിയൊഴുകും പുഴയായിരുന്നു ഞാൻ
വേനലിൻ താപമേറ്റെൻ
കണ്ണീരുറവയും വറ്റിപ്പോയി
വേനൽ ചൂടിൽ ഒളിച്ചിരുന്നോൾ
എന്നൊരു ശാപവും കാതിലെത്തി
വെയിലെന്നെ മറച്ചാലും മഞ്ഞിൽ വിറച്ചാലും
മഴയെന്നെ തഴുകി പുണർന്നിരുന്നു
വേനലിൻ ചൂട് സഹിക്കുവാനാകാതെ
കാർ മുകിലൊന്നു പൊട്ടികരഞ്ഞിടുമ്പോൾ
പ്രളയമായി ദുരിതമായി കേരള നാടാകെ
വെള്ളത്തിൽ മുങ്ങി ഒഴുകിടുന്നു
ജാതി മത നിറ ഭേദമില്ല
എല്ലാരുമൊന്നായ് ഉയിര്കാത്തു
എല്ലാം സഹിച്ചവർ കാത്തു നിന്നു
സൂര്യന്റെ കണ്ണൊന്നു കീറികിട്ടാൻ
സൂര്യനുണർന്നു തെളിഞ്ഞനേരം
പുഴ യാത്രയായ് ചിരിച്ചു നീങ്ങി
"കേരളമല്ലേ ഇവിടം ഇങ്ങനെയാണ് "
എന്നോതി വേഗം യാത്രയായി .

രാഗേന്ദു.കെ.പി

# പുഴ പറഞ്ഞിട്ട് പോയത്



ആദ്യമായ് നിന്നെ കണ്ട നേരം
കണ്ണെടുക്കാതെ ഞാൻ നോക്കി നിന്നു
എന്തൊരു രമ്യമാം നീറ്റൊഴുക്ക്
ആരും കൊതിച്ചിടും നീയാകുവാൻ
ഒറ്റ നോട്ടത്തിൽ തന്നെ നിന്നെ ഒന്ന്
പ്രേമിച്ചിടാത്തതായ് ആരുണ്ട് ഭൂമിയിൽ
ഇന്നു നിൻ ആഹ്ലാദ തിരയെവിടെ
ആർത്തടിച്ചൊഴുകുന്ന തിരയെവിടെ
കണ്ണീരു വറ്റിയ കൺപോള പോൽ
ഇന്നിതാ നീയങ്ങു മാറിടുന്നു
ഇന്നൊഴുകുന്നൊരു പുഴയിലെല്ലാം
വെള്ളമില്ലെന്നത് നഗ്ന സത്യം
മർത്യാ ഞാനിന്നു മായുന്നു
നീ എന്നിൽ ചാർത്തിയ
മാലിന്യ കൂമ്പാരമായി
മാപ്പില്ലൊരിക്കലും മാനവർക്കു
മണ്ണിൻ മടിത്തട്ടിൽ എത്തുവോളം .

നജ്‌ല സി കെ
9B

# ചങ്ങലക്കിട്ട ആഗ്രഹം



ദേവഗിരികുന്നിന്റെ താഴ്വ്വരയിൽ ദേവാപുരം എന്ന അതിമനോഹര ഗ്രാമം . ഗ്രാമത്തിലെ കന്യകമാർക്കെല്ലാം ദൈവം വാരിക്കോരി സൗന്ദര്യം നൽകിയിരിക്കുന്നു .മഞ്ഞിൻ കണങ്ങൾ ചുംബിക്കുന്ന പുൽനാമ്പുകൾ .മഴ ആലിംഗനം ചെയ്യുന്ന മണ്ണ് .മണ്ണിനെ മാറോടു ചേർത്ത കർഷകർ. .എല്ലാം കൊണ്ടും സന്തുഷ്ടമായ ഈ ഗ്രാമത്തിൽ ഒരിക്കൽ പോലും പുരോഗതി എത്തിയില്ല .അത്യാവശ്യത്തിനു ആശൂപത്രിയില്ല........ഉപരിപഠനത്തിന് വിദ്യാഭ്യാസ കേന്ദ്രങ്ങളില്ല ...........

പത്ത്കഴിഞ്ഞ് ഉപരി പഠനത്തിന് യാതൊരു വിധ മാർഗ്ഗവുമില്ലാതെ വിധിക്കു മുൻപിൽ അകപ്പെട്ടു പോയ ഒരു ജീവനാണ് മാളവിക. അവൾക്കു സ്വന്തമെന്നും ബന്ധമെന്നും പറയാനുള്ളത് ആകെ അമ്മയാണ്. അച്ഛൻ അവളുടെ ശൈശവത്തിൽ തന്നെ മരിച്ചു .അവളുടെ കാര്യങ്ങൾ നോക്കി നടത്താൻ 'അമ്മ വളരെ അധികം കഷ്ടപ്പെട്ടു .അമ്മയോടുള്ള അമിത സ്നേഹം

ഉപരിപഠനം എന്ന അവളുടെ സ്വപ്നത്തെ മനസിന്റെ ഒരു കോണിൽ ചങ്ങലക്കിട്ടു. അങ്ങനെയിരിക്കെ അമ്മയുടെ ആരോഗ്യം ക്ഷയിച്ചു തുടങ്ങി. .എന്നാ മകളുടെ മുന്നിൽ അതൊന്നും അവർ തുറന്നു കാണിച്ചില്ല.

വർഷങ്ങൾ കടന്നുപോയി പിന്നീട് ആ നഗരത്തിലെ ഒരു തുണിക്കടയിൽ ഒരു സെയിൽസ് ഗേൾ ആയി അവൾക്കു ജോലി കിട്ടി. അവൾ ആ ജോലിയിൽ സന്തുഷ്ടയായിരുന്നു. എന്നാൽ ഉപരിപഠനം എന്ന സ്വപ്നത്തിന്റെ കണ്ണികൾക്കു തേയ്മാനം വരാൻ തുടങ്ങി .അവൾ തന്റെ സമ്പാദ്യം കൊണ്ട് കുറച്ചു ആഭരണങ്ങൾ വാങ്ങി വെച്ചിരുന്നു തനിക്കു കിട്ടുന്ന പണത്തിന്റെ ഒരു ഭാഗം ഉപരിപഠന ലക്ഷ്യത്തിനായി മാറ്റിവെക്കാൻ തുടങ്ങി .മാസങ്ങൾ പിന്നിട്ടപ്പോൾ കുടുക്കയുടെ ഭാരം വർധിക്കാൻ തുടങ്ങി.

വിധി അവൾക്കു മുന്നിൽ മറ്റൊരു പരീക്ഷണത്തെ കാത്ത് വെച്ചു,അമ്മയുടെ അസുഖം ഗുരുതരമായപ്പോൾ അടുത്തുള്ള ആശുപത്രിയിൽ അവർ ചികിത്സ നേടി. അമ്മയുടെ വൃക്കകളിലൊന്നു തകരാറിലാണെന്ന് ഡോക്ടർ വ്യക്തമാക്കി മാത്രമല്ല മാറ്റി വച്ചില്ലെങ്കിൽ മരണം വരെ സംഭവിക്കാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു . അന്ന് മുതൽ അവൾ കൂടുതൽ ജോലി ചെയ്യാൻ തുടങ്ങി. ജോലി കഴിഞ്ഞെത്തിയ അവൾ കണ്ടത് അബോധാവസ്ഥയിൽ നിലത്തെ പുണർന്ന അമ്മയെയാണ്. അമ്മയെ എടുത്ത് വേഗം ആശുപത്രിയിലെത്തി. ഡോക്ടർ പറഞ്ഞ തുക കേട്ട് ഒരു നിമിഷം അമ്പരന്നു പോയി. പെട്ടന്നാണ് തന്റെ കുടുക്കയെ പറ്റി ഓർത്തത്. വീട്ടിലെത്തിയ അവൾ കുടുക്ക പൊട്ടിച്ചു പണം കയ്യിലെടുത്തു. നിറഞ്ഞ മിഴികൾ തുടച്ചു. മുറ്റത്തേക്കിറങ്ങി. പണക്കുടുക്കയുടെ ഭാരക്കുടുതലും ആഭരണത്തിന്റെ തൂക്കവും അവളുടെ അമ്മയുടെ ജീവൻ രക്ഷിച്ചു. ആ രാത്രിയിൽ അവളുടെ മിഴികൾ തിളങ്ങുന്നുണ്ടായിരുന്നു. ഉപരിപഠനം എന്ന ലക്ഷ്യത്തിനുമുന്നിൽ അവൾ ഒരിക്കൽ കൂടി പരാജയപെട്ടെങ്കിലും 'അമ്മ എന്ന സത്യത്തിനും സ്നേഹത്തിനും മുമ്പിൽ അവൾ ഒരിക്കൽ കൂടി വിജയിച്ചിരിക്കുന്നു.

നാദിറ.പി.വി
9 എ

# ലിറ്റിൽ കൈറ്റ്സ് - ക്ലാസ്സുകളിലൂടെ







# ബഷീർ ദിനം

## ലിറ്റിൽ  കൈറ്റ്സ് നേതൃത്വത്തിൽ നടന്ന ഡോക്യുമെന്ററി പ്രദർശനം









# ലിറ്റിൽ കൈറ്റ്സ് - ക്ലാസ്സുകളിലൂടെ



***little kites animation class***










# എന്റെ വായന

ഞാൻ വായിച്ച പുസ്തകം എ പി ജെ അബ്ദുൾ കലാമിന്റെ എന്റെ ജീവിത യാത്ര എന്നതായിരുന്നു. കഷ്ടപ്പാടിൽ നിന്നും നേടിയെടുത്ത രാഷ്ട്രപതി എന്ന ഉദ്യോഗത്തോടൊപ്പം ഒരു ശാ‍സ്ത്രജ്ഞനും കൂടി ആയിരുന്ന അദ്ദേഹത്തിന്റെ സംഭാവനകൾ ഏത് നോവലിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു .പരാജയമാണ് വിജയത്തിന്റെ മുന്നോടിയെന്നു ഈ പുസ്തകത്തിൽ പറയുന്നു . അബ്ദുൽ കലാമിന്റെ എന്റെ ജീവിത യാത്ര എന്ന പുസ്തകം ഒരു നല്ല സന്ദേശമാണ് നമുക്ക് തരുന്നത്. ഈ പുസ്തകത്തിൽ എന്നെ വേദനിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത ഭാഗമാണ് ഞാൻ പരാജയപ്പെട്ടപ്പോൾഎന്നത്.തന്റെ വിദ്യാർത്ഥിയുടെ പുരോഗതി ആഗ്രഹിക്കുന്ന അദ്ധ്യാപകനാണ് അവനു കിട്ടാവുന്ന ഏറ്റവും നല്ല സുഹൃത്ത്. കാരണം നിങ്ങളെ എങ്ങനെ ഏറ്റവും മികവുറ്റതാക്കാൻ കഴിയും എന്നതാണ് ഒരു അദ്ധ്യാപകന് ചെയ്യാവുന്ന ഏറ്റവും നല്ല കർമം . ഈ വരികൾ എന്നിൽ സൃഷ്ടിച്ചത് മാറ്റങ്ങളായിരുന്നു .ജീവിതത്തിൽ ശപിച്ച പല ടീച്ചറെയും ഈ കണ്ണിൽ നോക്കിയപ്പോൾ എന്നെ അവരിലേക്ക് ആകർഷിച്ചു.പഠനം എന്റെ നാൾ വഴികൾ ആണെന്ന് ഞാൻ തിരിച്ചറിഞ്ഞു. പുസ്തകം എന്നത് അറിവ് മാത്രം തരുന്നതല്ല ഒരു ജീവിതം കൂടിയാണ് ഒരു പുസ്തകം തരുന്നത് .

അർച്ചന .ടി
8 സി


Little Rites
club
Rice Mill
9.B

# ചാരുലത

രവീന്ദ്രനാഥ ടാഗോർ രചിച്ച ചാരുലത എന്ന ചെറുകഥാ സമാഹാരമാണ് ഞാൻ വായിച്ചപുസ്തകം. നസ്തേനിർ എന്ന പേരിൽ പ്രസിദ്ധികൃതമായ ടാഗോറിന്റെ ആത്മകഥാപരമായ ഒരു കൃതിയാണിത് . റേ യുടെ ചലച്ചിത്രാവിഷ്കാരം കൂടിയാണിത് .1901 ൽ ടാഗോർ രചിച്ച ഇ കഥ ഒരു വിശ്വാസവഞ്ചനയെ പറ്റി ഉള്ളതാണ് .രാഷ്ട്രീയ പ്രവർത്തകനും പത്രപ്രവർത്തകനുമായ ഭൂപതിയുടെ ഭാര്യ ചാരുലതക്ക് ഭർത്താവിന്റെ അകന്ന സഹോദരനായ അമലിനോടുള്ള ബന്ധമാണ്  ഈ കഥയുടെ കാതൽ. നിഷിദ്ധമായ പ്രണയത്തെ ഒതുക്കത്തോടെയും ഒട്ടും പങ്കിലമാകാതെയും ടാഗോർ അവതരിപ്പിച്ചത് ആസ്വാദകരെ ആഹ്ലാദിപ്പിച്ചു. തന്റെ വീട്ടിലെ ഏകാന്തമായ ജീവിതമാണ് ചാരുലതയുടെ തുടക്കത്തിൽ .തെറ്റുകളോടും എതിർപ്പുകളോടുമുള്ള ദുഃഖം തികട്ടുന്ന "തക്ക്" എന്ന ബംഗാളി വാക്കിലൂടെ നോവൽ അവസാനിക്കുന്നു .

ഫാത്തിമത്തുൽ ഫിദ .പി വി

8 സി

Fidha meheRin T.V V-A





9.B

ഉണ്ണികൃഷ്ണൻ. വി. പി IX B



അൻപുതരുമന്യരോടു ബന്ധ, മാബന്ധങ്ങൾ
നൺപെന്ന മഹിതസൗഭാഗ്യം

നന്ദി

സഹകരിച്ചവർക്ക്

സഹായിച്ചവർക്ക്

പ്രോത്സാഹനം തന്നവർക്ക്

എല്ലാവർക്കും എല്ലാവർക്കും

ഒരിക്കൽക്കൂടി ..............

നന്ദി.........

ഒരായിരം നന്ദി .